• അഭിമുഖം

2009 മാർച്ച് 24ന് പ്ലാച്ചിമട സമരം 2500 ദിവസം പിന്നിടുകയാണ്. സമരം ഉന്നയിച്ച ആവശ്യങ്ങൾ പരിഗണിക്കാതെ ഭരണകൂടങ്ങൾ പ്ലാച്ചിമടയോടുള്ള അനീതി തുടരുകയാണ്. ലോകമന:സാക്ഷിയുടെ ശ്രദ്ധയാകർഷിച്ചിട്ടും പരിഹാരം കാണാതെ ഇത്രനാൾ നീണ്ടുപോയ സമരത്തിന്റെ തുടർന്നുള്ള മാർഗ്ഗങ്ങൾ എന്തെല്ലാം? സമരസമിതി ചെയർമാൻ വിളയോടി വേണുഗോപാൽ സംസാരിക്കുന്നു.

## പ്ലാച്ചിമട വോട്ടുബാങ്കല്ല

# രാഷ്ട്രീയ നിലപാടാണ്

**വിളയോടി വേണുഗോപാൽ / കേരളീയം**

**പ്ളാച്ചിമട സമരത്തിന്റെ ഇപ്പോഴത്തെ സ്ഥിതിയെന്താണ് ?**

▶ പ്ളാച്ചിമടക്കാർക്ക് ഇപ്പോഴും നീതി ലഭിച്ചിട്ടില്ല. പ്ളാച്ചിമടയിൽ കുടിവെള്ളം മലിനമായവർക്ക് ഇപ്പോഴും കുടിവെള്ളം ടാങ്കർലോറിയിൽ തന്നെയാണ് ലഭിക്കുന്നത്. അതുകൊണ്ട് സമരം ഇപ്പോഴും തുടരുകയാണ്.

ഫെബ്രുവരി 24ന് സമരം 2500 -ാം ദിവസത്തിലെത്തും. സർക്കാർ തലത്തിൽ ചെയ്യാവുന്ന കാര്യങ്ങൾ സർക്കാർ ചെയ്യുന്നില്ല. കോടതിയിൽ ചെയ്യേണ്ട കാര്യങ്ങളും സർക്കാർ ചെയ്യുന്നില്ല. 2007 ആഗസ്റ്റ് 18ന് മുഖ്യമന്ത്രി സമരപ്രവർത്തകരുമായി സംസാരിച്ചപ്പോൾ എടുക്കാമെന്ന് പറഞ്ഞ നടപടികൾ ഒന്നും മുന്നോട്ടു പോയിട്ടില്ല.

**ഒരു സമരം 2500-ാം ദിവസം വരെ നീളുന്നതു സമരവീര്യത്തിന്റെ മേന്മയാണ്. പക്ഷേ, ഉന്നയിക്കപ്പെട്ട പ്രശ്നം പരിഹരിക്കപ്പെടാതെ നീണ്ടു പോകുന്നതു മേന്മയല്ലല്ലോ?**

▶ പ്ളാച്ചിമട പ്രശ്നം പരിഹരിക്കാൻ പാടില്ലയെന്ന് മുഖ്യരാഷ്ട്രീയക്കാർ സ്വയം കരുതുന്നതു പോലെയാണ് കാര്യങ്ങൾ പോകുന്നത്. സാമ്രാജ്യത്വത്തിനും ജലചൂഷണത്തിനുമെതിരെ പ്രസംഗിക്കുന്നവരാണെങ്കിലും കൊക്കകോള പോലുള്ള സ്ഥാപനങ്ങളെ നിലനിർത്താൻ ശ്രമിക്കുന്നവിധത്തിലാണ് രാഷ്ട്രീയകക്ഷികളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ മനസ്സിലാകുന്നത്. ജനാധിപത്യ പ്രക്രിയയിൽ പ്രശ്നബാധിതരായവർ ചെയ്യേണ്ട കാര്യങ്ങളെല്ലാം സമരപ്രവർത്തകർ ചെയ്തുകൊണ്ടിരിക്കുകയാണ്. പരാതികൾ അയയ്ക്കുക, വിശദീകരണങ്ങൾ കൊടുക്കുക,ഒക്കെ ചെയ്യുന്നതു പ്ളാച്ചിമട പ്രശ്നം ജന ശ്രദ്ധയിലേക്ക് കൊണ്ടു വരുന്നതിന് ജനകീയ ജലാധികാര യാത്ര തുടങ്ങിയ വിവിധ പരിപാടി നടത്തുകുണ്ടായി. കേരള മനഃസാക്ഷിയെ ഉണർത്തു



വാർ ഫോർ വാട്ടർ  കെ.കെ. ശശി

വാൻ വേണ്ടിയുള്ള പരിപാടി തുടരുകയാണ്.

ഇപ്പോൾ കൊക്കക്കോള കമ്പനി പ്ലാച്ചിമടയിലെ ജനങ്ങളെ പീഡിപ്പിച്ചതിന് നഷ്ടം പരിഹാരം കണക്കാക്കുന്നതിന് 2008 ആഗസ്റ്റ് 13ന് കേരള ഭൂചന അതോറിറ്റി ഒരു ഉന്നതാധികാര സമിതിയെ നിയമിക്കുവാൻ സംസ്ഥാന മന്ത്രിസഭയോട് ശുപാർശ ചെയ്തിട്ടുണ്ട്. എന്നിട്ടും മന്ത്രിസഭ അതിൽ തീരുമാനമെടുക്കാതെ നീട്ടി കൊണ്ടു പോവുകയാണ്. മുഖ്യമന്ത്രി ഇക്കാര്യത്തിൽ ഇടപെടണം. സാങ്കേതികമായ തടസ്സങ്ങളുണ്ടെങ്കിൽ രാഷ്ട്രീയ മായ തീരുമാനങ്ങൾ കൊണ്ട് അതു മറികടക്കണമെന്ന് നിരന്തരമായി ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്.

**പ്ലാച്ചിമടയിൽ ആരംഭിച്ച സമരം കേരളമൊട്ടാകെ ഒരു വികാരമായി വ്യാപിക്കുകയും വിവിധ രാഷ്ട്രീയ പാർട്ടികളും സംഘടനകളും പിൻതുണയ്ക്കുകയും ചെയ്തു. ലോക ശ്രദ്ധയും പ്ലാച്ചിമടയ്ക്കു ലഭിക്കുകയുണ്ടായി. എന്നിട്ടും പ്ലാച്ചിമട പ്രശ്നം പരിഹരിക്കപ്പെടാതെ നീണ്ടു പോകുന്നത് എന്തുകൊണ്ടാണ്?**

▶ ഇന്ന് കേരളം ഭരിക്കുന്നവർ പ്രതിപക്ഷകത്തായിരിക്കുമ്പോൾ പ്ലാച്ചിമട സമരവുമായി ഇടപ്പെട്ടു. ഇത് അവർക്ക് വോട്ടാക്കി മാറ്റാനും കഴിഞ്ഞു. പ്ലാച്ചിമടയിലെ സമരങ്ങളുടെ ആൾക്കാർ തങ്ങളാണെന്ന് വരുത്തി തീർത്തു കേരളത്തിലെ മറ്റു ഭാഗങ്ങളിൽ വോട്ടു നേടാൻ അവർക്ക് കഴിഞ്ഞു. പക്ഷേ, അധികാരത്തിലേറിയപ്പോൾ കാര്യമായ ഒന്നും ചെയ്യാൻ ഒരുക്കമല്ല. കോള നിരോധിച്ചത് ശരി തന്നെ. പക്ഷേ, പ്ലാച്ചിമട പ്രശ്നം കോളകളിലെ കീടനാശിനിയുമായി ബന്ധപ്പെട്ടതായിരുന്നില്ല. പ്ലാച്ചിമടയിലെ കുടിവെള്ള മലിനീകരണവും ഭൂജല ശോഷണവും കോളനിരോധനത്തിലൂടെ പരിഹരിക്കാൻ കഴിയുന്നതായിരുന്നില്ല. സമരത്തിന്റെ ചില പരിപാടികളിൽ പാർട്ടികാർ സഹകരിച്ചു കൊണ്ട് തങ്ങൾ സമരത്തോടൊപ്പമാണ് എന്നു വരുത്തി തീർക്കാൻ മാത്രമേ അവർ ഉദ്ദേശിക്കുന്നുള്ളു. കാരണം പ്ലാച്ചിമടയിൽ തുടർച്ചയായി സമരം ചെയ്യുന്നതിന് അവർ ഒരുക്കമല്ല. അധികാരത്തിലേക്കുള്ള വോട്ട് ബാങ്ക് ഉണ്ടാക്കുന്നതിനുള്ള ഉപാധികളാണ് അവർക്ക് സമരങ്ങൾ. അല്ലാതെ ജനങ്ങൾ ഉയർത്തുന്ന പ്രശ്നങ്ങൾ പരിഹരിക്കാനല്ല. രാഷ്ട്രീയ പാർട്ടികളുടെ ഈ നിലപാട് കൊണ്ടാണ് പ്ലാച്ചിമട പ്രശ്നവും പരിഹരിക്കപ്പെടാതെ നീണ്ടു പോകുന്നത്.

**കൊക്കകോള കമ്പനി പൂട്ടിയപ്പോൾ തന്നെ പ്ലാച്ചിമട സമരം അവസാനിപ്പിക്കേണ്ടതായിരുന്നുവെന്ന് ചില സാംസ്കാരിക നേതാക്കൾ പറയുന്നുണ്ടല്ലോ?**

▶ ഒരോ ആളുകളും അവരവരുടെ മാനസികനില അനുസരിച്ചായിരിക്കും ജീവിത പ്രശ്നങ്ങളെ കാണുന്നത്. സമരം എവിടെയെത്തിക്കണം എങ്ങിനെ മുന്നേറണം എന്നുള്ളത് ഒക്കെ സമരപ്രവർത്തകർ ചേർന്നിരുന്നാണ് തീരുമാനിക്കേണ്ടത്. പ്ലാച്ചിമടയിൽ കുടിവെള്ളം മലിനീകരിക്കപ്പെട്ടവർ ഇപ്പോഴും ലോറിവെള്ളത്തെ ആശ്രയിച്ചാണ് കഴിയുന്നത്. ലോകശ്രദ്ധയാകർഷിച്ച ഒരു സമരത്തിന് മലിനപ്പെട്ട കുടിവെള്ളത്തിന് പകരം നല്ല വെള്ളം തിരിച്ചു ലഭിക്കാതെ സമരത്തിൽ നിന്നു പിന്മാറാൻ കഴിയുന്നതെങ്ങനെ? സമരത്തോടൊപ്പം നിന്ന് ഇത് എങ്ങനെ എവിടെയെത്തിക്കണമെന്ന് പറയേണ്ടതിനു പകരം വല്ലപ്പോഴും വന്നുപോവുകയും ലക്ഷ്യങ്ങൾക്കനുയോജ്യമല്ലാത്ത ഓരോ അഭിപ്രായം പറയുകയും ചെയ്യുന്നത് പരിഹരിക്കാനാവില്ലല്ലോ. കമ്പനി പൂട്ടി കിടക്കുകയാണെന്ന് പറയുന്നത് തന്നെ പ്ലാച്ചിമടയിലെ സ്ഥിതിയെ ക്കുറിച്ചുള്ള അറിവില്ലായ്മയല്ലേ. കോടതി വിധിപ്രകാരം കമ്പനിയ്ക്ക് ഇപ്പോഴും പ്രവർത്തിക്കാൻ പഞ്ചായത്തിന്റെ ലൈസൻസുണ്ട്. എന്നിട്ടും കമ്പനി പ്രവർത്തിക്കാതിരുന്നത് ക്ഷീണിതമായതെങ്കിലും സമരത്തിന്റെ സാന്നിധ്യം കൊണ്ട് മാത്രമാണ്. പഞ്ചായത്ത് നൽകിയ ലൈസൻസില് 11 ഉപാധികൾ മാറ്റിയെഴുതപ്പെടാത്തതും സമരത്തിന്റെ സാന്നിധ്യമുള്ളതുകൊണ്ട് മാത്രമാണ്. സമരത്തോട് അസഹിഷ്ണുത കാണിക്കാൻ ആർക്കും സ്വാതന്ത്ര്യമുണ്ട്. പക്ഷേ,. കുടിവെള്ളം മലിനപ്പെട്ട് അത് പരിഹരിക്കാൻ ബാധ്യസ്ഥരായ രാഷ്ട്രീയ നേതൃത്വത്താൽ തിരസ്ക്കരിക്കപ്പെട്ട് കഴിയുന്നവർക്ക് കുടിവെള്ളം തിരിച്ചു ലഭിക്കുവരെയെങ്കിലും സമരം ചെയ്യുകയെന്നത് അന്തസ്സോടെ ജീവിക്കാനുള്ള മനുഷ്യേച്ഛയുടെ അടയാളമാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രദ്ധയില്ലാത്ത രാഷ്ട്രീയകാരെയും അതിനെ വിശകലനം ചെയ്യാൻ മടിക്കുന്ന പത്ര ലോകത്തേയും തുറന്നു കാണിക്കാൻ സ്വയം ബാധ്യതയേറ്റെടുത്തവരാണ് എഴുത്തുകാരും സാംസ്കാരിക പ്രവർത്തകരും അത്തരം രാഷ്ട്രീയ ബോധമുള്ള എഴുത്തുകാർക്കും സാംസ്കാരിക പ്രവർത്തകർക്കും പ്ലാച്ചിമട പോലുള്ള സമരത്തോട് അസഹിഷ്ണുത കാണിക്കാൻ കഴിയില്ല.

**പ്ലാച്ചിമട സമരം 2500 -ാം ദിവസത്തിലെത്തുന്ന ഘട്ടത്തിൽ ഭാവി പരിപാടികൾ എന്തൊക്കെയാണ് ആലോചിക്കുന്നത് ?**

▶ പ്ലാച്ചിമടയിൽ ഭരണാധികാരികളുടെ ഇടപെടലുകൾ ഉണ്ടാക്കുക എന്നതാണ് പ്രശ്നപരിഹാരത്തിൽ പ്രധാനം. ഫെബ്രുവരി 24ന് മുഖ്യമന്ത്രിയുടെ വസതിയിലേക്കുള്ള മാർച്ച് അത്തരം പരിപാടികളുടെ ഭാഗമാണ്. ഇതോടൊപ്പം സുപ്രീം കോടതിയിലെ കേസ് ജാഗ്രതയോടെ തുടരുന്നുണ്ട്. SC/ST അതിക്രമം തടയൽ നിയമപ്രകാരമുള്ള കേസ് തുടരുക, ലോകായുക്തയെ സമീപിക്കുക. തുടങ്ങിയ നിയമ മാർഗ്ഗങ്ങളും തേടുന്നുണ്ട്. ഇതൊക്കെ പ്രാവർത്തികമാകുന്നതിന് പ്ലാച്ചിമടക്കാരുടെ വേദനയും ദുഃഖവും ഉൾക്കൊള്ളുന്ന കേരളജനത പ്ലാച്ചിമടയിൽ ഇടപെടണം. പ്ലാച്ചിമടക്കാർക്ക് നീതി ലഭിക്കുവാൻ കേരളമനഃസാക്ഷി ഉണരണം. ഇതിനുള്ള പ്രവർത്തനങ്ങളുമായി സമരസമിതി മുന്നോട്ടു പോകും. അനീതിയ്ക്ക് എതിരായ സമരം വിജയം കാണാതെ അവസാനിക്കുന്നില്ലല്ലോ.